# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

ഫെബ്രുവരി 22 ബുധൻ 2023

Volume: 03, Issue: 03

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം


# അയ്യൻകുന്ന് വനിതാ സഹകരണ സംഘം എൻക്വയറി റിപ്പോർട്ട് : പുറത്തുവന്നത് ലക്ഷങ്ങളുടെ ക്രമക്കേട്

**ഷഫ്ന ഷെറിൻ അയ്യൂബ്**

അയ്യൻകുന്ന് വനിതാ സഹകരണ സംഘത്തിലെ അഴിമതി ആരോപണത്തെ തുടർന്ന് കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരം നടത്തിയ അന്വേഷണത്തിൽ പുറത്തു വന്നത് ഞെട്ടിക്കുന്ന കണക്കുകൾ. ഇരിട്ടി യൂണിറ്റ് ഇൻസ്പെക്ടർ ടി ജയശ്രീ, മട്ടന്നൂർ യൂണിറ്റ് ഇൻസ്പെക്ടർ വി പി ബീന, പേരാവൂർ യൂണിറ്റ് ഇൻസ്പെക്ടർ കെ സമീറ എന്നിവരുടെ നേതൃത്വത്തിൽ ആണ് അന്വേഷണം നടന്നത്. 30ഓളം പേജുകൾ ഉള്ള അന്വേഷണ റിപ്പോർട്ടിൽ വ്യക്തമായിരിക്കുന്നത് സെക്രട്ടറിയുടെ വൻ സാമ്പത്തിക തിരിമറിയും ഭരണസമിതിയുടെ അനാസ്ഥയും ആണ്.

2022 മെയ് 27 ന് നടത്തിയ പരിശോധനയിലായിരുന്നു നിക്ഷേപം തിരിച്ചുകൊടുക്കാൻ കഴിയാത്ത അവസ്ഥയിലാണ് സംഘം നിലവിലുള്ളതെന്നും, വ്യാജമായ ഇടപാടുകൾ സൃഷ്ടിച്ച് സംഘത്തിന്റെ ഫണ്ട് ദുരുപയോഗം ചെയ്തിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്യപ്പെട്ടത്. തുടർന്ന് ജോയിന്റ് രജിസ്ട്രാർ അന്വേഷണത്തിന് ഉത്തരവിടുകയായിരുന്നു. സംഘത്തിന്റെ ഘടനയും പ്രവർത്തനവും, നിക്ഷേപ ഇടപാടുകളും വായ്പ ഇടപാടുകളും, ഭരണ സമിതി അംഗങ്ങളുടെയും ജീവനക്കാരുടെയും പ്രവർത്തനങ്ങൾ, സംഘത്തിന്റെ നിക്ഷേപ ശോഷണം, സ്ഥിര നിക്ഷേപ വായ്പ, സംഘത്തിൽ മെമ്പർഷിപ്പ് അനുവദിക്കുന്നത് മുതലായവ ആയിരുന്നു അന്വേഷണ വിഷയങ്ങൾ.

## റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ

1. നിക്ഷേപകർക്ക് അവരുടെ നിക്ഷേപം തിരിച്ചു നൽകാനാകാത്ത വിധം സംഘത്തിന്റെ നീക്കിയിരുപ്പ് തുക നഷ്ടപ്പെട്ടിരിക്കുന്നു. നിക്ഷേപകരുടെ പരാതികൾ അസിസ്റ്റന്റ് രജിസ്ട്രാർ മുമ്പാകെ ലഭിച്ചിട്ടുണ്ട്. നിക്ഷേപത്തിനായി സംഘത്തിൽ വന്നവരെ മടക്കി അയക്കുകയാണ് ചെയ്യുന്നത്.

2. സംഘത്തിലുള്ള ഇടപാടുകളുടെ വിശ്വസ്തത നഷ്ടപ്പെട്ടു, ഇതിന്റെ പ്രധാന പങ്ക് സെക്രട്ടറിക്കാണ്.

3. സംഘത്തിന്റെ ഫണ്ട് ശോഷണത്തിന് മുഖ്യ കാരണം രജിസ്ട്രാറുടെ സർക്കുലർ നിബന്ധനകൾക്ക് വിപരീതമായി ഉയർന്ന നിരക്കിൽ പലിശ വാഗ്ദാനം ചെയ്ത് കൊണ്ട് സ്ഥിര നിക്ഷേപം സ്വീകരിക്കുക, വായ്പകൾ പുതുക്കുന്നതിനായി കുടിശ്ശികക്കാരനു തന്നെ പുതിയ വായ്പ അനുവദിച്ചു കൊടുക്കുക മുതലായി സെക്രട്ടറി നടത്തിയിട്ടുള്ള പലവിധ സാമ്പത്തിക ക്രമക്കേടുകൾ ആണ്. ഇക്കാരണത്താൽ സംഘത്തിന്റെ വരുമാനം ശോഷിക്കുകയും ചെലവിനായി നിക്ഷേപത്തെ ആശ്രയിക്കുകയും ചെയ്തു

4. നിക്ഷേപ വായ്പയിൽ പലിശ ഈടാക്കാതെ വായ്പ കണക്ക് അവസാനിപ്പിച്ചത് വഴി സംഘത്തിന് വൻ നഷ്ടം ആണ് ഉണ്ടായിരിക്കുന്നത്.

5. ഭരണസമിതി അറിയാതെയും രജിസ്ട്രാറുടെ കുടിശ്ശിക നിർമാർജനം സംബന്ധിച്ച സർക്കുലർ നിർദേശങ്ങൾ പാലിക്കാതെയും സെക്രട്ടറി സ്വന്തം ബിനാമി വായ്പ്പകൾക്കും മറ്റു ജീവനക്കാരുടെ ബിനാമി വായ്പ്പകൾക്കും നൽകിയ പലിശ ഇളവ് സംഘത്തിന് 15,48,573 രൂപയുടെ നഷ്ടമാണ് ഉണ്ടാക്കിയിരിക്കുന്നത്.

6. പരസ്പര സഹായനിധിയിൽ കിട്ടാകടമായി 5,74,000 രൂപയാണ് നഷ്ടം.

7. നിക്ഷേപകരുടെ നിക്ഷേപ തുകയിൽ നിന്നും 45,000 ത്തോളം രൂപ സെക്രട്ടറി അപഹരിച്ചതായി കണ്ടെത്തി. അപഹരിച്ച തുക പലിശയടക്കം പരാതിക്കാർക്ക് നൽകേണ്ടത് സെക്രട്ടറിയുടെ ബാധ്യസ്ഥതയാണ്.

8. ഉപനിബന്ധനകൾക്ക് വിപരീതമായി കാലാവധിക്കുമുമ്പ് ദിനനിക്ഷേപം അവസാനിപ്പിക്കുക വഴി സംഘത്തിന് കമ്മീഷൻ ഇനത്തിൽ 3,00,000 രൂപ ഫണ്ട് നഷ്ടപ്പെട്ടിട്ടുണ്ട്.

9. വായ്പ മുതൽ തുകകൾ 34,50,000 രൂപയും പലിശ 82,46,913 രൂപയും തിരിച്ചടവാക്കുന്നതിന് സെക്രട്ടറിയും ജീവനക്കാരും ഭരണസമിതിയും ബാധ്യസ്ഥരാണെന്ന് കണ്ടെത്തി.

10. അനുവാദമില്ലാതെ ജീവനക്കാർ ശമ്പളം, പി എഫ് വായ്പ എന്നിവ എടുത്ത വകയിൽ 11,33,241 രൂപയ്ക്കുള്ള ബാധ്യത ശമ്പളം പറ്റിയിട്ടുള്ള ഓരോ ജീവനക്കാരിലും നിക്ഷിപ്തമാണ്.







11. ഭരണസമിതിയുടെയോ, ഡിപ്പാർട്മെന്റിന്റെയോ അനുവാദമില്ലാതെയാണ് പുതിയ ശമ്പള പരിഷ്കരണ പ്രകാരമുള്ള പെൻഷൻ വിഹിതം ജീവനക്കാർ എടുക്കുന്നത്.

12. വായ്പ്പക്കാരിൽ നിന്നും ഈടാക്കിയിട്ടുള്ള റിസ്ക് ഫണ്ട് വിഹിതവും ജി എസ് ടി യും അടവാക്കി കാണുന്നില്ല.

13. സ്ഥിരനിക്ഷേപ വായ്പ നിലനിൽക്കെ ഫിക്സഡ് ഡിപ്പോസിറ്റ് കാലാകാലങ്ങളിൽ പലിശയടക്കം പുതുക്കി സ്ഥിരനിക്ഷേപ വായ്പയുടെ പലിശ സംഘത്തിലേക്ക് അടവാക്കാതെ 12 ലക്ഷത്തോളം രൂപ അഡ്ജസ്റ്റ് ചെയ്ത് പല തിയ്യതികളിലായി സെക്രട്ടറിയുടെ ബിനാമി വായ്പ തീർത്തിട്ടുണ്ട്.

14. ഭരണസമിതി ധനാപഹരണം നേരിട്ട് നടത്തി സംഘം ഫണ്ടുകൾ നശിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും ഭരണ സമിതി സംഘം പ്രവർത്തനങ്ങളിലും സെക്രട്ടറിയുടെയും ജീവനക്കാരുടെയും ദൈനംദിന കാര്യങ്ങൾ ശ്രദ്ധിക്കുന്നതിലും കെടുകാര്യസ്ഥത കാണിച്ചിട്ടുണ്ട്.

15. സെക്രട്ടറി എന്ന അധികാരപദം ദുരുപയോഗം ചെയ്ത് വൻ ക്രമക്കേടും അഴിമതിയും വഞ്ചനയുമാണ് നടത്തിയിരിക്കുന്നത്.

16. വ്യാജ ഇടപാടുകൾക്ക് സെക്രട്ടറി കൂട്ടുനിൽക്കുകയും, സംഘത്തിലെ വ്യാജ ഇടപാടുകൾ ഭരണസമിതിയിലോ ഡിപ്പാർട്മെന്റിലോ അറിയിക്കാതെ സംഘത്തിന്റെ പ്രവർത്തനം തന്നെ ഇല്ലായ്മ ചെയ്യുകയും, സംഘം പ്രവർത്തനങ്ങളിൽ ഏർപ്പെടാതെ ജീവനക്കാരും അലസമായി സേവനതല്പരരല്ലാതെ ശമ്പളം പറ്റുകയും ചെയ്തു.

17. സംഘത്തിൽ നിന്നും 1,46,88,408 രൂപയുടെ സാമ്പത്തിക തിരിമറികൾ നടന്നിട്ടുള്ളതായി അന്വേഷണത്തിൽ കണ്ടെത്തിയിരിക്കുന്നു. കൂടാതെ കിട്ടാക്കടം ഇനത്തിലുള്ള വായ്പ 34,50,000 രൂപയും പലിശ 82,46,913 രൂപയും ഉള്ളതായി കണക്കാക്കപ്പെട്ടിരിക്കുന്നു.

**മുകളിൽ കൊടുത്തിട്ടുള്ള വിവരങ്ങൾ വിവരാവകാശ നിയമപ്രകാരം ലഭിച്ചത്*

## എഡിറ്റോറിയൽ

**മാറുന്ന ലോകവും, മാറുന്ന മനുഷ്യനും**

മനുഷ്യ സംസ്കാരം വിസ്മയങ്ങളുടെ കലവറയാണ്. കണ്ടുപിടുത്തങ്ങളും ജീവിത ശൈലിയും കാലത്തിനനുസരിച്ച് അത് ഒരുപാട് മാറി. മനുഷ്യന്റെ വിരൽ തുമ്പിലാണോ ഇന്ന് പ്രപഞ്ചം എന്ന് ചിന്തിക്കുന്നതിൽ തെറ്റൊന്നുമില്ല. കല്ലുകൾ കൊണ്ട് ആയുധമുണ്ടാക്കി തുടങ്ങിയ മനുഷ്യൻ ഇന്ന് ജി.പി.എസ്. കൊണ്ട് കാലാവസ്ഥ വ്യതിയാനം വരെ കണ്ടു പിടിക്കാം എന്ന് തെളിയിച്ചു. കണ്ടു പിടുത്തങ്ങൾ ജീവിതാവസ്ഥയെ മാറ്റിമറിക്കുന്നു. മനുഷ്യ ജീവിതം കൂടുതൽ എളുപ്പമാക്കുന്നു. എന്നാൽ ഉപകാരമാകുന്ന ഇതേ സാങ്കേതിക വിദ്യ തന്നെ ഉപദ്രവകാരിയാകുന്ന ഒരു സംസ്കാരത്തിന്റെ ഇരകളാണ് പലപ്പോഴും നാം.

സാങ്കേതിക വിദ്യയുടെ വളർച്ചയ്ക്കനുസരിച്ച് അതിനെ സ്വാർത്ഥ താൽപര്യങ്ങൾക്കു വേണ്ടി ദുരുപയോഗം ചെയ്യുന്നത് ഇന്ന് മനുഷ്യ സഹജമാണ്. എന്നാൽ ഇത്തരത്തിലുള്ള പ്രവർത്തികൾ കുടുക്കിലാക്കുന്നത് സാധാരണക്കാരെയാണ്. അധികാരത്തിന്റെ ഗർവ്വും ടെക്നോളജിയുടെ അതിപ്രസരവും ഒന്നു ചേർന്നാൽ വ്യക്തി താൽപര്യങ്ങൾക്കുവേണ്ടി അവയെ വളച്ചൊടിക്കുക എന്നത് ബുദ്ധിമുട്ടുള്ള കാര്യമല്ല.

എന്നാൽ ശാസ്ത്ര സാങ്കേതിക വിദ്യയുടെ വളർച്ചയെ മനുഷ്യന്റെ ജീവിത സാഹചര്യവും ജീവിത നിലവാരവും ഉയർത്തുന്നതിനായി ഉപയോഗിച്ച് ലോക പ്രശസ്തി നേടിയെടുത്ത ഒരുപാട് വ്യക്തിത്വങ്ങൾ നമുക്ക് ചുറ്റുമുണ്ട്. ഇത്തരം വളർച്ചയിലേക്കുള്ള മാറ്റങ്ങൾക്കാണ് നാം ഊന്നൽ നൽകേണ്ടത്.

എഡിറ്റർ

# ഗ്ലോബൽ പൊസിഷനിങ്ങിൽ റോസ് മേരി

**വി അനന്യ**

ശാസ്ത്രത്തിന്റെ ചരിത്രത്താളുകളിൽ ഇനി റോസ് മേരിയുടെ പേരുകൂടി. ഇരിട്ടി അങ്ങാടിക്കടവ് സ്വദേശിനിയായ റോസ് മേരി തണങ്ങാട്ട് ശാസ്ത്രലോകത്ത് തന്റേതായ ഒരു ഏട് തുന്നി ചേർത്തിരിക്കുകയാണ്. ദിനംപ്രതി ലോകത്ത് വളർന്നു വരുന്ന സാങ്കേതികവിദ്യയുടെ സ്വാധീനം ഇന്ത്യയിലും നമ്മുടെ കൊച്ചു കേരളത്തിലും ഉണ്ടാക്കിയ മാറ്റങ്ങൾ ചെറുതല്ല. അത്തരത്തിൽ ഒരു മാറ്റത്തെയാണ് റോസ് മേരി ശാസ്ത്രലോകത്തിന് സമ്മാനിച്ചത്.

ജി പി എസ് (ഗ്ലോബൽ പൊസിഷനിങ് സിസ്റ്റം) ഉപയോഗിച്ച് സ്ഥലഗതി നിർണ്ണയം മാത്രമല്ല കാലാവസ്ഥ പ്രവചനത്തിനും സാധ്യതയുണ്ടെന്ന് തെളിയിക്കുകയാണ് റോസ് മേരി തന്റെ ഗവേഷണത്തിലൂടെ. ജേർണൽ ഓഫ് എർത്ത് സയൻസിൽ ഗവേഷണ ഫലം പ്രസിദ്ധീകരിച്ചു. 'ഒരു പൊസിഷനിംഗ് സിസ്റ്റം എന്ന നിലയിലാണ് ജിപിഎസ് പരക്കെ ഉപയോഗപ്പെടുന്നത് എങ്കിലും കാലാവസ്ഥ പ്രവചനരംഗത്തും ഇതിനൊരു സാധ്യതയുണ്ട്'. കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റിയിൽ മറൈൻ ജിയോളജി ആൻഡ് ജിയോഫിസിക്സ് വകുപ്പ് ഗവേഷകവിദ്യാർത്ഥിയായ റോസ് മേരി പറയുന്നു. പഠനത്തിന്റെ ഭാഗമായി ജി പി എസുമായ് ബന്ധപ്പെട്ട രേഖകൾ ശേഖരിക്കുകയും 2018 ലെ കേരളത്തിലെ പ്രളയത്തിന്റെ രേഖകളും ഉപയോഗിച്ചതിന്റെയും കൂടി അടിസ്ഥാനത്തിലാണ് ഇത്തരമൊരു ആശയം ഉയർന്നുവന്നത്. തുടർന്ന് ജി പി എസിന്റെ പ്രവർത്തനത്തെ കുറിച്ചുള്ള ആഴമായ അറിവ് റോസ് മേരി നേടി.



'അന്തരീക്ഷ ജലബാഷ്പത്തിന്റെ പെട്ടന്നുള്ള വർധന തീവ്രമഴയുടെ അടിസ്ഥാന ഘടകമാണ്. മഴക്കാലത്ത് ജിപിഎസ് ഉപഗ്രഹങ്ങളിൽ നിന്നും പുറപ്പെടുന്ന സിഗ്നൽ അന്തരീക്ഷത്തിലൂടെ കടന്നു ഭൂമിയുടെ ഉപരിതലത്തിലുള്ള ജി പി എസ് റിസീവറിൽ എത്തിച്ചേരുന്നു. ജി. പി. എസ് നിരീക്ഷണത്തിലൂടെയുള്ള ഡാറ്റ വഴി തീവ്ര മഴപോലുള്ള പ്രതിഭാസങ്ങൾ ഏകദേശം 5. 45 – 6. 45 മണിക്കൂർ വരെ മുൻകൂട്ടി പറയാൻ സാധിക്കും. ഇതിനായി എട്ടു തീവ്ര മഴക്കാലങ്ങളെ കുറിച്ചാണ് പഠിച്ചത് എന്ന് റോസ് മേരി പറഞ്ഞു. തിരുവനന്തപുരം വിമാനത്താവളത്തിൽ നിന്നുള്ള ജിപിഎസ് ഡാറ്റയും ഇന്ത്യൻ മെറ്റീരിയോളജിക്കൽ വിഭാഗത്തിൽ നിന്ന് ലഭിച്ച മഴയുടെ ഡാറ്റയുമാണ് പഠനത്തിനായ് ഉപയോഗിച്ചത്.' റോസ് മേരി പറഞ്ഞു.

മനസിൽ ഉദിച്ച ആശയം പ്രായോഗിക തലത്തിലെത്തിക്കുവാൻ നിരവധി പ്രതിസന്ധികളിലൂടെ റോസ് മേരിക്ക് കടന്നു പോകേണ്ടി വന്നിട്ടുണ്ട്. വിവിധ സ്ഥലങ്ങളിലെ കാലാവസ്ഥ വ്യതിയാനങ്ങൾക്കനുസൃതം തന്റെ പരീക്ഷണങ്ങളെ മുന്നോട്ടു കൊണ്ടു പോകുന്നതിൽ ബുദ്ധിമുട്ടുകൾ നേരിട്ടെങ്കിലും റോസ് മേരി വിജയിക്കുക തന്നെ ചെയ്തു. ഇത്തരമൊരു ഗവേഷണത്തിൽ പലപ്പോഴും പലരീതിയിലുള്ള ബുദ്ധിമുട്ടുകളുണ്ടായിരുന്നു എങ്കിലും വീട്ടുകാരുടെ പരിപൂർണ പിന്തുണയും കുസാറ്റ് അസിസ്റ്റന്റ് പ്രൊഫസറായ പി.എസ് സുനിലിന്റെ ഗൈഡൻസുമാണ് തന്നെ ഈ വിജയത്തിലെത്തിച്ചത് എന്ന് റോസ് മേരി പറയുന്നു.

ഭാവിയിൽ ഇന്ത്യ മെറ്റീരിയോളജിക്കൽ ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള കാലാവസ്ഥാ പ്രവചനങ്ങളിൽ ജി പി എസ് മെറ്റീരിയോളജി സാങ്കേതിക വിദ്യ കൂടി ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുമെന്നാണ് കുസാറ്റ് അസിസ്റ്റന്റ് പ്രൊഫസറായ പി.എസ് സുനിലിന്റെ അഭിപ്രായം.

അങ്ങാടിക്കടവ് തണങ്ങാട്ട് വീട്ടിൽ ജെസി ഷാജു ദമ്പതികളുടെ മകളാണ് റോസ് മേരി. ആലക്കോട് എടക്കരക്കത്തിൽ റോജിനാണ് ഭർത്താവ്.

## അപകട ഭീഷണി ഉയർത്തി കെ എസ് റ്റി പി ഇൻവെർട്ടർ ബാറ്ററി പോസ്റ്റുകൾ

**അഞ്ജന വിൻസന്റ്**



വള്ളിത്തോട്: അപകട ഭീഷണി ഉയർത്തി കെ എസ് റ്റി പി ഇൻവെർട്ടർ ബാറ്ററി പോസ്റ്റുകൾ. ഇരിട്ടി മാക്കൂട്ടം അന്തർ സംസ്ഥാന പാതയിൽ ആനപ്പന്തിക്കവല ബദർ ജുമാ മസ്ജിദിന് അടുത്തുള്ള കെ എസ് റ്റി പി കേരള സ്റ്റേറ്റ് ട്രാൻസ്പോർട് പ്രോജക്റ്റ് ഇൻവെർട്ടർ ബാറ്ററി പോസ്റ്റുകളാണ് അപകടഭീക്ഷണി ഉയർത്തുന്നത്.

ഏകദേശം ഒരു കോടി രൂപ മുതൽ മുടക്കിൽ സർക്കാർ കെ എസ് റ്റി പിയ്ക്ക് നൽകിയ ഈ പദ്ധതിയുടെ ഭാഗമായി വളവുപാറ മുതൽ ഇരിട്ടി ടൗൺ വരെയാണ് എൺപത് കിലോയോളം ഭാരം വരുന്ന കെ എസ് റ്റി പി ഇൻവെർട്ടർ ബാറ്ററി പോസ്റ്റുകൾ സ്ഥാപിച്ചിട്ടുള്ളത്. പത്തു വർഷത്തെ ഗ്യാരണ്ടണ്ടിയുള്ള ഇൻവെർട്ടർ ബാറ്ററിയാണ് സ്ഥാപിച്ച് നാല് വർഷം കഴിയുതിന് മുൻപേ ദ്രവിച്ച് പ്രവർത്തന രഹിതമായി ഏതുനിമിഷവും തകർന്നു വീഴുമെന്ന നിലയിലുള്ളത്.

ദിവസേന നിരവധി വാഹനങ്ങളും സ്കൂൾ കുട്ടികളടക്കം കാൽനടയാത്രക്കാരും കടന്നു പോകുന്ന പ്രധാന പാതയോരത്ത് അപകട ഭീഷണി ഉയർത്തി നിൽക്കുന്ന ഇൻവെർട്ടർ ബാറ്ററി പോസ്റ്റുകൾ നീക്കം ചെയ്യണമെന്നാണ് നാട്ടുകാരുടെ ആവശ്യം.

'നാട്ടുകാർ പഞ്ചായത്തിൽ പരാതിപ്പെട്ടപ്പോൾ പി ഡബ്ല്യു ഡിയെ സമീപിക്കാനാണ് പഞ്ചായത്ത് അധികൃതർ ആവശ്യപ്പെട്ടത്. പി ഡ ബ്ല്യു ഡിയെ സമീപിച്ചപ്പോൾ പരാതി കെ എസ് റ്റി പി യ്ക്ക് കൈമാറാൻ ആവശ്യപ്പെട്ടു'. പ്രദേശവാസി പറഞ്ഞു.

'പ്രശ്ന പരിഹാരത്തിനായി പി ഡബ്ല്യു ഡിക്ക് രേഖാമൂലവും കെ എസ് റ്റി പി എൻജിനീയർക്ക് ഫോം വഴിയും പരാതി നൽകിയിട്ടും നടപടിയുണ്ടായിട്ടില്ല'. പായം പഞ്ചായത്ത് ഏഴാം വാർഡ് മെമ്പർ മുജീബ് കുഞ്ഞിക്കണ്ടി പറഞ്ഞു.

കാലവർഷം ആരംഭിക്കുന്നതിനു മുൻപ് അടിയന്തരമായ നടപടി വേണമെന്നാണ് നാട്ടുകാരുടെ ആവശ്യം.

# മെഡിക്കൽ ക്യാമ്പ് നടത്തി

**കെ അനഘ**

അയ്യൻകുന്ന് പഞ്ചായത്ത് ഹാളിൽ വയോജനങ്ങൾക്കായുള്ള മെഡിക്കൽ ക്യാമ്പും ശ്രവണ പരിശോധനയും നടത്തി. 2022 – 23 വാർഷിക പദ്ധതിയുടെ ഭാഗമായി ആവശ്യക്കാർക്ക് ശ്രവണസഹായി നൽകുക എന്ന ലക്ഷ്യത്തോടെ രണ്ട് ലക്ഷം രൂപ വിനിയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഐ സി ഡി എസ് (ഇന്റർഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സൂപ്പർവൈസർ) ഗ്രീഷ്മ നേതൃത്വം നൽകിയ ക്യാമ്പിൽ രജിസ്റ്റർ ചെയ്ത 18 പേരിൽ 10 പേർ ശ്രവണ പരിശോധന നടത്തി. ഇതിൽ ശ്രവണ സഹായി ആവശ്യമായ ഒൻപത് പേർക്ക് കെൽട്രോൺ (കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്) വഴി ശ്രവണ സഹായി വിതരണം ചെയ്യും.

കണ്ണൂർ ശ്രവണയിൽ നിന്ന് എത്തിയ ഓഡിയോളജിസ്റ്റ് ആർ അതുലിന്റെയും കെൽട്രോൺ പ്രതിനിധി അക്ഷയ് കൃഷ്ണന്റെയും നേതൃത്വത്തിലാണ് പരിശോധന നടത്തിയത്. 'പി ടി എ (പ്യുവർ ടോ ഓഡിയോമെട്രി) വഴി ലഭിച്ച ഓഡിയോഗ്രാം അനുസരിച്ച് ഓരോ വ്യക്തികൾക്കും ആവശ്യമായ രീതിയിൽ ബാറ്ററി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ശ്രവണ സഹായിയാണ് നൽകുക.' കെൽട്രോൺ പ്രതിനിധി അക്ഷയ് പറഞ്ഞു. ശ്രവണ പരിശോധന കൂടാതെ രക്തം, ബിപി പരിശോധനകളും നടത്തി.

'വാർഷിക പദ്ധതി പ്രകാരം വയോജനങ്ങൾക്കായുള്ള മെഡിക്കൽ ക്യാമ്പിനോടൊപ്പം അവർക്ക് കട്ടിൽ നൽകാനുള്ള പദ്ധതിയും ആരംഭിച്ചിട്ടുണ്ട് .ഈ മാസം തന്നെ വിതരണം നടത്തും'.പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.

## അങ്ങാടിക്കടവിൽ വീടുകൾ കുത്തിത്തുറന്ന് വൻ കവർച്ച

**നഹല നസീർ**

അങ്ങാടിക്കടവിൽ വീടുകൾ കുത്തിത്തുറന്ന് സ്വർണ്ണവും പണവും കവർന്നു. അയ്യൻകുന്ന് പഞ്ചായത്ത് ഓഫീസിനു സമീപം ഇല്ലിക്കൽ ജോസ്, കൊച്ചുവേലിക്കകത്ത് സെബാസ്റ്റ്യൻ എന്നിവരുടെ വിടുകളിലാണ് മോഷണം നടന്നത് . സമീപത്ത് സ്ഥിതിചെയ്യുന്ന അങ്ങാടിക്കടവ് യു.പി സ്കൂളിൽ പതിമൂന്നാം തിയതി രാത്രി വാർഷികാഘോഷത്തിന് വീട്ടുകാർ പോയപ്പോഴായിരുന്നു മോഷണം നടന്നത്.

ഇല്ലിക്കൽ ജോസിൻെറ വീടിന്റെ മുൻവശത്തെ ഡോർ കുത്തിത്തുറന്ന് അകത്ത് കയറിയ മോഷ്ടാവ് അലമാരയിൽ സൂക്ഷിച്ചിരുന്ന പത്ത് പവനോളം സ്വർണ്ണവും പതിനായിരത്തോളം രൂപയുമാണ് മോഷ്ടിച്ചത്. ഇല്ലിക്കൽ ജോസിൻെറ ഭാര്യ അന്നമ്മ വാർഷികാഘോഷത്തിന് ശേഷം വീട്ടിൽ തിരിച്ചെത്തിയപ്പോഴാണ് മോഷണം നടന്നത് അറിയുന്നത്. വാതിലുകൾ കുത്തിതുറന്ന് വീട്ടുപകരണങ്ങളും വസ്ത്രങ്ങളും വലിച്ചു വാരിയിട്ട നിലയിലായിരുന്നു. സംഭവം മനസ്സിലായ ഉടൻ കരി ക്കോട്ടക്കരി പോലീസിൽ വിവരമറിയിച്ചു.

ഇല്ലിക്കൽ ജോസിൻെറ വീട്ടിൽ നിന്നും 500 മീറ്റർ അകലെയുള്ള കൊച്ചുവേലിക്കകത്ത് സെബാസ്റ്റ്യൻെറ വീട്ടിലും സമാനരീതിയിൽ മോഷണം നടന്നു. വീടിന്റെ പിറകുവശത്തെ വാതിൽ കുത്തിതുറന്നു. കിടപ്പുമുറിയിൽ നിന്നും നാൽപത്തയ്യായിരത്തോളം രൂപയും ആഭരണങ്ങളും മോഷ്ടിച്ചു മോഷണ വിവരം അറിയിച്ചതിനെ തുടർന്ന് കരിക്കോട്ടക്കരി പോലീസ് സ്ഥലത്തെത്തി പരിശോധന നടത്തി.

'സമീപ പ്രദേശങ്ങളിലെ നി രീക്ഷണ ക്യാമറകൾ പരിശോധിച്ചു വരികയാണ്. ഇവ കൂടാതെ സമാന രീതിയിൽ മുൻപ് നടന്ന മോഷണങ്ങളും അന്വേഷിക്കുന്നുണ്ട്. ഇത് കുറ്റവാളികളെ കണ്ടെത്താൻ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അന്വേഷണ ഉദ്യോഗസ്ഥൻ കരി ക്കോട്ടക്കരി എസ്.ഐ എൻ വിപിൻ പറഞ്ഞു.

# വിദ്യാർത്ഥികൾക്ക് നേതൃത്വ പരിശീലന ക്യാമ്പ് നടത്തി

**മൗങ് മൗങ് സെൻ**

സ്കൂൾ വിദ്യാർത്ഥികൾക്കായ് ദ്വിദിന നേതൃത്വ പരിശീലന ക്യാമ്പ് 'വോയേജർ 2കെ23' ഫെബ്രുവരി 18, 19 തീയതികളിൽ ഡോൺ ബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജിൽ നടത്തി. ഡോൺ ബോസ്കോ ഇനീഷ്യേറ്റീവ് ഫോർ സോഷ്യൽ ആക്ഷന്റെയും (ദിശ) ഡ്രഗ് റിഹാബിലിറ്റേഷൻ എഡ്യൂക്കേഷൻ ആൻഡ് മെന്ററിംഗ് (ഡ്രീം) കണ്ണൂരിന്റെയും ആഭിമുഖ്യത്തിൽ നടത്തിയ ക്യാമ്പ് കരിക്കോട്ടക്കരി ചീഫ് ഇൻസ്പെക്ടർ ഓഫ് പോലീസ് പി.ബി. സജീവ് ഉദ്ഘാടനം ചെയ്തു. നേതൃത്വ നിലവാരം മെച്ചപ്പെടുത്തുകയും യുവജനങ്ങൾക്ക് ലഹരി വിമുക്ത ജീവിതത്തെക്കുറിച്ച് അവബോധം നൽകുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ നടത്തിയ ക്യാമ്പിൽ വിവിധ ഇടവകകളിൽ നിന്നുള്ള 95 സ്കൂൾ വിദ്യാർത്ഥികൾ പങ്കെടുത്തു.

പേരാവൂർ നിയോജക മണ്ഡലം എംഎൽഎ അഡ്വ. സണ്ണി ജോസഫ് ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. ദിശ ഡയറക്ടറും ഡോൺ ബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളജ് സോഷ്യൽ വർക്ക് വിഭാഗം മേധാവിയുമായ ഫാ. സോജൻ പനച്ചിക്കൽ അധ്യക്ഷത വഹിച്ചു.

'ലഹരിമരുന്നിന് അടിമപ്പെട്ട വിദ്യാർത്ഥികളെ തിരുത്തുന്ന അംബാസഡർമാർ വിദ്യാർത്ഥികൾക്കിടയിൽ ഉണ്ടാകണമെന്നാണ് ക്യാമ്പിന്റെ ഉദ്ദേശ്യം. ഈ പ്രോഗ്രാമിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ അതത് പള്ളികളിലെ നേതാക്കളാണ്. മയക്കുമരുന്ന് ദുരുപയോഗത്തിനെതിരെ പ്രവർത്തിച്ചുകൊണ്ട് അവർ ജീവിതത്തിന്റെ പ്രമോട്ടർമാരും അംബാസഡർമാരുമാകണം. അതിലൂടെ വിദ്യാർത്ഥികളെ നല്ല പൗരന്മാരും നല്ല മനുഷ്യരുമാക്കാൻ സാധിക്കണം.' ഫാ സോജൻ പനച്ചിക്കൽ പറഞ്ഞു.

'നേതൃത്വ നിലവാരം മെച്ചപ്പെടുത്തുകയും ലഹരി രഹിത ജീവിതത്തെക്കുറിച്ച് അവബോധം നൽകുകയും ചെയ്യുകയാണ് ഈ നേതൃത്വ പരിശീലന പരിപാടിയുടെ പ്രധാന ലക്ഷ്യം. ഓരോ ഇടവകയിൽ നിന്നും എട്ട് മുതൽ പത്ത് വരെ വിദ്യാർത്ഥികൾ വന്നിരുന്നു. കഴിഞ്ഞ വർഷം 153-ലധികം സ്കൂളുകളിലും എട്ട് കോളേജുകളിലും ഇത്തരം പരിപാടികളും അതോടൊപ്പം രക്ഷിതാക്കൾക്കുള്ള 32 പരിശീലന പരിപാടികളും സംഘടിപ്പിക്കാൻ കഴിഞ്ഞു. കണ്ണൂർ ജില്ലയിൽ ഈ വർഷം ഇതിനോടകം 16ൽ അധികം സ്കൂളുകളിൽ ഇത്തരം പരിപാടികൾ ചെയ്തിട്ടുണ്ട്. ഈ വർഷം കഴിഞ്ഞ കൊല്ലത്തേക്കാൾ കൂടുതൽ സ്കൂളുകളിൽ പരിപാടികൾ ചെയ്യും.' ഡ്രീം കോർഡിനേറ്റർ ഷിജോ ജോസഫ് പറഞ്ഞു.

For private circulation only

എഡിറ്റോറിയൽ ടീം – ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: അനിൽ തോമസ് നല്ലൂർ | എഡിറ്റർ ഇൻ ചാർജ്: നഹല നസീർ | സബ് എഡിറ്റേഴ്സ്: കെ അനഘ , വി അനന്യ , ഷഫ്ന ഷെറിൻ അയ്യൂബ് , അഞ്ജന വിൻസന്റ്, മൗങ് മൗങ് സെൻ | ഫോട്ടോഗ്രാഫേഴ്സ്: നഹല നസീർ, കെ അനഘ, ഷഫ്ന ഷെറിൻ അയ്യൂബ് | ഡിസൈൻ: വി അനന്യ, ഷഫ്ന ഷെറിൻ അയ്യൂബ്